I/6116727/2024

"ഭരണഭാഷ- മാതൃഭാഷ" കേരള സർക്കാർ

നമ്പർ.പിഎഡി-ബി1/14/2024-പിഎഡി
പാർലമെന്ററികാര്യ(ബി) വകുപ്പ്
തിരുവനന്തപുരം
തിയതി: 16-03-2024

## പരിപത്രം

വിഷയം:- പതിനഞ്ചാം കേരള നിയമസഭ- ഹർജികൾ സംബന്ധിച്ച സമിതി (2023-26)- മൂന്നാമത് റിപ്പോർട്ട്- സമിതി ശിപാർശകൾ/ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടത്- സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 06.02.2024-ലെ 8127/ഹർജി ബി4/2022/നി.സെ നമ്പർ കത്ത്.

സമിതിയുടെ മുന്നിലുള്ള ഹർജികൾ തീർപ്പാക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ 03-08-2021-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കുവാനുള്ള മുഴുവൻ ഹർജികളിന്മേലും അടിയന്തര തീർപ്പുണ്ടാക്കുവാൻ സമിതി അദ്ധ്യക്ഷൻമാരും അംഗങ്ങളും നിയമസഭയിലെ ഉദ്യോഗസ്ഥരും മുൻകൈയ്യെടുക്കണമെന്നും ആവശ്യമാകുന്ന പക്ഷം വകുപ്പ് തലവൻമാർ, ബന്ധപ്പെട്ട സെക്രട്ടറിമാർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തി വേഗത്തിൽ ഹർജികളിൻമേൽ തീർപ്പ് കൽപ്പിക്കണമെന്നും തുടർന്നും തീർപ്പാകാത്ത പക്ഷം പ്രസ്തുത വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി അദ്ദേഹത്തെ സമിതി മുമ്പാകെ വിളിച്ച് തെളിവെടുപ്പ് നടത്തി എല്ലാ ഹർജികളിന്മേലും തീർപ്പ് കൽപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ വകുപ്പുകളിൽ നിന്നും താമസംവിനാ മറുപടി ലഭ്യമാക്കണമെന്നും സമിതിയുടെ മുന്നിലുള്ള ഹർജികൾ പരിഗണിക്കുന്നതിനു വേണ്ടി വകുപ്പുകൾ ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്നും ഹർജികൾ സംബന്ധിച്ച സമിതിയുടെ (2023-26) മൂന്നാമത് റിപ്പോർട്ടിൽ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം വളരെ നേരത്തെ തന്നെ തീരുമാനിക്കുന്ന യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുന്ന ഹർജി വിഷയങ്ങളിൻമേലുള്ള റിപ്പോർട്ടുകൾ യോഗത്തലേന്ന് എത്തിക്കുന്ന പ്രവണത ആശാസ്യമല്ലെന്നും സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

സമിതി ശിപാർശകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഹർജികൾ സംബന്ധിച്ച സമിതിയുടെ മുന്നിലുള്ള ഹർജികൾ താമസംവിനാ തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ റിപ്പോർട്ടുകൾ യഥാസമയം സമിതിക്ക് നൽകുന്നുണ്ടെന്ന്

ഉറപ്പുവരുത്തുന്നതിലേക്കായി ഒരോ വകുപ്പിലും ഒരു നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണ്.

2. അപ്രകാരം നിയമിക്കപ്പെടുന്ന നോഡൽ ഓഫീസർമാരുടെ പേരും വിശദാംശങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിനും പാർലമെന്ററി കാര്യ വകുപ്പിനും ലഭ്യമാക്കേണ്ടതാണ്.

3. വളരെ നേരത്തെ തന്നെ തീരുമാനിക്കുന്ന യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുന്ന ഹർജി വിഷയങ്ങളിന്മേലുള്ള റിപ്പോർട്ടുകൾ സമയപരിധിക്കുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കുന്നതിന് വകുപ്പ് മേധാവികൾ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

4. എല്ലാ വകുപ്പുകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുകൾ യഥാസമയം ഹർജികൾ സംബന്ധിച്ചുള്ള സമിതിക്ക് സമർപ്പിക്കുണ്ടെന്നും പാർലമെന്ററി കാര്യ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം/ ധനകാര്യം ഉൾപ്പെടെ)

സെക്രട്ടറി, കേരള നിയമസഭ ( ആമുഖ കത്ത് സഹിതം.)

എല്ലാ വകുപ്പ് മേധാവികൾക്കും

വിവരപൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Legimol M J
Date: 18-03-2024 11:00:36
സെക്ഷൻ ഓഫീസർ.

പകർപ്പ്- ബഹു.പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.

പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

പാർലമെന്ററികാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.